# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5148

15.11.2019 ൽ മറുപടിയ്ക്ക്

**തിരുവനന്തപുരം ജില്ലയിൽപുതിയ ഗ്രാമപഞ്ചായത്തുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ :** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) |
| തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ വിഭജിച്ചാണ് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശവും ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ ? | പുതിയ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിക്കുകയും (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു) പ്രസ്തുത സമിതിയുടെ ശുപാർശകൾ 13.02.2019 ലെ സ.ഉ. (കൈ) നം : 23/2019/ത.സ്വ.ഭ.വ പ്രകാരം സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. (പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.) പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, |

| | |
|---|---|
| | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പട്ടിക സർക്കാർ പരിശോധിക്കുകയും വിവിധ കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് 13.11.2019 ലെ സ.ഉ. (കൈ) നം : 143/2019/ത.സ്വ.ഭ.വ പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.) |

**സെക്ഷൻ ഓഫീസർ**

അനുബന്ധം-1

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം - നഗരസഭകളുടേയും ബ്ലോക്ക് പഞ്ചായത്തുകളുടേയും അതിർത്തി പുനർ നിർണ്ണയം - നഗരസഭകളുടെ പദവി ഉയർത്തുന്നതിനുള്ള ആവശ്യകതയും പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.877/2018/തസ്വഭവ                തിരുവനന്തപുരം, തീയതി, 28.03.2018.

=====================================================================

**ഉത്തരവ്**

നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയും നഗരവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ നഗരസ്വഭാവം കൈവരിച്ച ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനപ്പെടുത്തേണ്ട ആവശ്യകതയും നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടേയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തുന്ന ആവശ്യകതയും പരിശോധിച്ച് അതിനനുസൃതമായ ശുപാർശകൾ സമർപ്പിക്കുവാനമായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| പ്രിൻസിപ്പൽ ഡയറക്ടർ -തദ്ദേശ സ്വയം ഭരണ വകുപ്പ് | - അദ്ധ്യക്ഷൻ |
| പഞ്ചായത്ത് ഡയറക്ടർ | - കൺവീനർ |
| നഗരകാര്യ ഡയറക്ടർ | - അംഗം |
| ചീഫ് ടൗൺ പ്ലാനർ | - അംഗം |
| ഡയറക്ടർ-കില | - അംഗം |

കമ്മിറ്റി 10.05.2018-ന് മുമ്പായി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സീന്ധു എൽ.**

**സ്പെഷ്യൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, നഗരകാര്യ ഡയറക്ടർ

ചീഫ് ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ

ഡയറക്ടർ, കില

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ പി.എ.ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ പി.എ.ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.ക്ക്

(ഒപ്പ്) സെക്ഷൻ ഓഫീസർ

അനുബന്ധം-2

File No.LSGD-EM3/88/2018-LSGD

[illegible]37/2019

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - പുതിയ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും രൂപീകരണം സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു

---

തദ്ദേശ സ്വയം ഭരണ(ഇ.എം)വകുപ്പ്

സ.ഉ.(കൈ) നം.23/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/02/2019

---

പരാമർശം:- 1 28.03.2018-ലെ സ.ഉ(സാധാ)നം.877/2018/തസ്വഭവ സർക്കാർ ഉത്തരവ്

2 പ്രിൻസിപ്പൽ ഡയറക്ടർ 17.01.2019-ൽ ലഭ്യമാക്കിയ ബി2631/2018/പി.ഡി.എൽ.എസ്.ജി.ഡി നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിലവിലുള്ള ഗ്രാമ പഞ്ചായത്തുകളെ വിഭജിക്കേണ്ട ആവശ്യകതയും, നഗര സ്വഭാവം കൈവരിച്ച പഞ്ചായത്തുകളെ നഗരസഭകളാക്കി പരിവർത്തനപ്പെടുത്തേണ്ട ആവശ്യകതയും, നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭയുടെയും അതിർത്തി പുനർനിർണയിക്കേണ്ട ആവശ്യകതയും, നഗരപദവി ഉയർത്തുന്ന ആവശ്യകതയും പരിശോധിച്ച് അതിനനുസൃതമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു.

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2) ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
3) ഡയറക്ടർ, നഗരകാര്യ വകുപ്പ്
4) ചീഫ് ടൗൺ പ്ലാനർ
5) ഡയറക്ടർ, കില

പ്രസ്തുത കമ്മിറ്റി പരാമർശം 2-ലെ കത്ത് പ്രകാരം പുതിയ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അടങ്ങിയ ശുപാർശകൾ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഈ വിഷയം പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. പരാമർശം-2 മുഖേന സമർപ്പിച്ചിട്ടുള്ള കമ്മിറ്റി യുടെ എല്ലാ ശുപാർശകളും

ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം അംഗീകരിച്ചുത്തരവാകുന്നു.

2. കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപികരിക്കാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും, അതിർത്തി പുന :നിർണയിക്കേണ്ട ഗ്രാമ / ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക തയ്യാറാക്കി സമർപ്പിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.ഗോപാലകൃഷ്ണ ഭട്ട്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്

## പുതിയ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം, നഗരസഭകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും അതിർത്തി പുനർ നിർണ്ണയം നഗരസഭകളുടെ പദവി ഉയർത്തുന്നതിനുള്ള ആവശ്യകത തുടങ്ങിയവ പരിശോധിച്ച് സർക്കാരിലേക്ക് സമർപ്പിക്കുന്ന ശുപാർശ

പുതിയ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം, നഗരസഭകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും അതിർത്തി പുനർ നിർണ്ണയം, നഗരസഭകളുടെ പദവി ഉയർത്തുന്നതിനുള്ള ആവശ്യകത തുടങ്ങിയവ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് 28.03.2018 ലെ സർക്കാർ ഉത്തരവ് (സാധാ) 877/2018/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനും, പഞ്ചായത്ത് ഡയറക്ടർ കൺവീനറും, നഗരകാര്യ ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ, കില ഡയറക്ടർ എന്നിവർ അംഗങ്ങളുമായി ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

സംസ്ഥാനത്ത് 6 കോർപ്പറേഷനുകളും, 87 മുനിസിപ്പാലിറ്റികളും, 14 ജില്ലാ പഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും, 941 ഗ്രാമപഞ്ചായത്തുകളും നിലവിലുണ്ട്. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം/പുനർ നിർണ്ണയം എന്നിവ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ശുപാർശകൾ ചുവടെ ചേർക്കുന്നു.

### ഗ്രാമപഞ്ചായത്തുകൾ

ഭരണഘടനയുടെ ഭാഗം IX 243 സി അനുച്ഛേദ പ്രകാരം ഗ്രാമപഞ്ചായത്തുകൾ ജനസംഖ്യയിലും വലുപ്പത്തിലും പരമാവധി തുല്യത പുലർത്തേണ്ടതുണ്ട്. നിലവിലുള്ള 941 ഗ്രാമപഞ്ചായത്തുകളുടെ ശരാശരി ജനസംഖ്യയായ 27430-ൽ അധികരിച്ചിട്ടുള്ള ധാരാളം ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്ത് നിലനിൽക്കുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ ശരാശരി ജനസംഖ്യയായ 27430-ൽ കൂടുതൽ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുകയോ, രണ്ടോ മൂന്നോ ഗ്രാമപഞ്ചായത്തുകളിലെ

ഭാഗങ്ങൾ വേർപെടുത്തി പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുകയോ ചെയ്യാവുന്നതാണ്. ജനസംഖ്യയ്ക്ക് പുറമേ ഭൂവിസ്തൃതി, തനത് വരുമാനം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, പ്രാദേശിക വികസന വിഷയങ്ങൾ, വികസനത്തിലെ അസന്തുലിതാവസ്ഥ, ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവ കൂടി പരിഗണിച്ച് നിലവിലുള്ള ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയം ചെയ്ത് പുനഃസംഘടന നടപ്പിൽ വരുത്താവുന്നതാണ്. കൂടുതൽ പ്രായോഗികവും മെച്ചപ്പെട്ടതുമായ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കുന്നതിന് ആയത് ഉപകാരപ്രദമായിരിക്കും. പുതിയതായി ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുമ്പോൾ നിലവിലെ ഭൂമിശാസ്ത്രപരമായ പരിമിതികൾ മൂലം ബുദ്ധിമുട്ടാണെങ്കിലും ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യ ഏകദേശം തുല്യമായി നിലനിർത്താവുന്നതാണ്. (20% കൂടുതലോ കുറവോ). ഗ്രാമപഞ്ചായത്ത് അതിർത്തികളുടെ പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പരിഗണിക്കാവുന്നതാണ്.

1. 27,430 ൽ അധികം ജനസംഖ്യ
2. 32 ച.കി. മീറ്ററിലധികം വിസ്തീർണ്ണം
3. 50 ലക്ഷം രൂപയിൽ അധികം തനതു വരുമാനം
4. ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കു പുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ.
5. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം.
6. ഒരു ഗ്രാമപഞ്ചായത്ത് വിഭജിച്ചോ, രണ്ടോ അതിലധികമോ ഗ്രാമ പഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ, വലുപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20% കൂടുതലോ കുറവോ) പുതിയ ഗ്രാമ പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത.

മേൽ പ്രസ്താവിച്ച മാനദണ്ഡങ്ങൾ കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തുകളെ പുനഃസംഘടിപ്പിക്കുമ്പോൾ ഭരണപരമായ സൗകര്യം കൂടി പരിഗണിക്കേണ്ടതാണ്.

**ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തുകളുടെ വിഷയങ്ങൾ പരിശോധിച്ചതിൽ നിലവിൽ 2 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ഒരു ബ്ലോക്ക് പഞ്ചായത്തും (കോഴിക്കോട്) 3 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന 2 ബ്ലോക്ക് പഞ്ചായത്തുകളും (അട്ടപ്പാടി, പള്ളുരുത്തി) ഉള്ളതായി കാണുന്നു. 8 മുതൽ 10 വരെ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന നിരവധി വലിയ ബ്ലോക്ക് പഞ്ചായത്തുകളും സംസ്ഥാനത്ത് നിലവിൽ ഉണ്ട്. ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പുനർ നിർണ്ണയിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ ഗ്രാമപഞ്ചായത്തുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നത് അടിസ്ഥാനമാക്കി ബ്ലോക്ക് പഞ്ചായത്തുകളുടെയും അതിർത്തി പുനഃസംഘടിപ്പിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെ അതിർത്തി പുനർ നിർണ്ണയിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡം പരിഗണിക്കാവുന്നതാണ്.

1. ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുടെ എണ്ണം കുറഞ്ഞത് 4 ആയിരിക്കണം. ഇത്തരത്തിൽ തീരുമാനമെടുക്കുമ്പോൾ ഭരണപരമായ സൗകര്യവും ഭൂമി ശാസ്ത്രപരമായ പരിമിതികളും പ്രത്യേകതകളും കൂടി പരിഗണിക്കേണ്ടതാണ്.

**ടൗൺ പഞ്ചായത്ത്**

ഗ്രാമപഞ്ചായത്തുകളിലെ തനത് വരുമാന സ്രോതസ്സുകൾ അഭിവൃദ്ധിപ്പെട്ട് നാഗരികസ്വഭാവം കൈവരിച്ചാൽ മാത്രമേ ടൗൺ പഞ്ചായത്തുകൾ സൃഷ്ടിക്കാൻ കഴിയൂ. ഗ്രാമപഞ്ചായത്തുകളെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം ടൗൺ പഞ്ചായത്തുകൾ ആയി മാറ്റുന്നത് നിലവിലെ സാഹചര്യത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതാണ്. അത്തരത്തിലേക്ക് ചുവടു വയ്ക്കുന്നത് ടൗൺ പഞ്ചായത്തുകളുടെ വികസനത്തിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുമെന്നും തനത് വരുമാനമില്ലാതെ

വികസന പ്രവർത്തനങ്ങൾ മാത്രമല്ല ദൈനംദിന പ്രവർത്തനങ്ങൾ പോലും നിർവഹിക്കാൻ പ്രസ്തുത ടൗൺ പഞ്ചായത്തുകൾക്ക് കഴിയാതെ വരികയും ചെയ്യുമെന്നതിനാൽ ടൗൺ പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് ശുപാർശ ചെയ്യുന്നു.

**നഗരസഭകൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി അവസാനമായി പുനഃ സംഘടിപ്പിച്ചത് 2015 ലായിരുന്നു. ഈ കാലയളവിൽ കാർഷിക മേഖലയിൽ നിന്നും നഗരവൽക്കരണത്തിലേക്ക് ചുവടുവച്ച 36 ഗ്രാമപഞ്ചായത്തുകളെ കോർപ്പറേഷനു കളിലേക്ക് കൂട്ടിചേർക്കുകയോ പുതിയ മുനിസിപ്പാലിറ്റികളാക്കി മാറ്റുകയോ ചെയ്തിരുന്നു. ഇത്തരുണത്തിൽ 36 ഗ്രാമപഞ്ചായത്തുകൾ ഇല്ലാതാവുകയും പുതിയതായി 28 മുനിസിപ്പാലിറ്റികൾ രൂപീകരിക്കപ്പെടുകയും ചെയ്തിരുന്നു. അതോടൊപ്പം കണ്ണൂർ മുനിസിപ്പാലിറ്റിയെ കോർപ്പറേഷനായി ഉയർത്തുകയും ചെയ്തിരുന്നു. 2015 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടന്നുവെങ്കിലും പുതിയതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പശ്ചാത്തല സൗകര്യങ്ങളും മറ്റ് സംവിധാനങ്ങളും ഒരുക്കുന്നതിനും ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിക്കുന്നതിനും ഏറെ കാലതാമസം ഉണ്ടായതായി കാണുന്നു. കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും ഡീലിമിറ്റേഷനും അക്കാലത്ത് പൂർത്തീകരിച്ചിരുന്നു. മുനിസിപ്പൽ കൗൺസിൽ ഗ്രേഡ് I 12 ൽ നിന്നും 27 ആയും ഗ്രേഡ് II 22 ൽ നിന്നും 30 ആയും ഉയർത്തുകയുണ്ടായി. മുനിസിപ്പൽ കൗൺസിലുകളുടെ ഗ്രേഡ് ഉയർത്തിയെങ്കിലും ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ സജ്ജമാക്കി വരുന്നതേയുള്ളൂ. കാർഷിക മത്സ്യബന്ധന മേഖലയിൽ അധിഷ്ഠിതമായിരുന്ന പ്രദേശങ്ങൾ നാഗരിക സംസ്കാരത്തിലേക്കും പ്രാഥമിക മേഖലയിൽ നിന്നും ദ്വിതിയ ത്രിതീയ മേഖലകളിലേക്കും ചുവടുമാറ്റിയ പ്രദേശങ്ങളെ ആയതിന്റെ ബാല്യദശയിൽ തന്നെ മുനിസിപ്പാലിറ്റികളാക്കി മാറ്റിയിരുന്നു. നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ തനതു വരുമാന പരിമിതികൾ മൂലം സാമ്പത്തിക സ്വാതന്ത്ര്യം ഇല്ലാത്ത ഒരു അവസ്ഥയിൽ നിലനിൽക്കുന്നു. ഇത്തരം

ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി ഉയർത്തുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാനുള്ള ശേഷി ആ സ്ഥാപനങ്ങൾക്ക് ഇല്ലാത്ത സാഹചര്യം നിലവിലുള്ളതായി കാണുന്നു. നിലവിലുള്ള ഗ്രാമപഞ്ചായത്തുകളെ പരിവർത്തനാത്മക നഗര പ്രദേശമായി മാറ്റുന്നതിനു ആവശ്യമായ മാനദണ്ഡങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളോ നിലവിലുള്ള മുനിസിപ്പാലിറ്റികളെ കോർപ്പറേഷനുകളോ ആക്കി മാറ്റേണ്ട സാഹചര്യം നിലവില്ലായെന്ന് ശുപാർശ ചെയ്യുന്നു.

File No.LSGD-EM3/200/2019-LSGD

അനുബന്ധം- 3

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം/ വിഭജനം/ പുനസംഘടന, നഗരവൽക്കരണം, അതിർത്തി പുനർനിർണ്ണയം - പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(കൈ) നം.143/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 13/11/2019**

---

പരാമർശം: 1 സ.ഉ. (സാധാ) നം .877/2018/ത.സ്വ.ഭ.വ, തീയതി : 28.03.2018.

2 സ.ഉ. (കൈ) നം. 23/2019/ത.സ്വ.ഭ.വ, തീയതി : 13/2/2019.

3 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.10.2019 ലെ ബി.2681/2018/പി.ഡി-എൽ.എസ്.ജി.ഡി നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

പരാമർശം 1-ലെ ഉത്തരവ് പ്രകാരം, നിലവിലുള്ള ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച പുതിയ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കേണ്ട ആവശ്യകതയും നഗരവത്കരണത്തിന്റെ പശ്ചാത്തലത്തിൽ നഗര സ്വഭാവം കൈവരിച്ച ഗ്രാമ പഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യേണ്ട ആവശ്യകതയും നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭയുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തുന്ന ആവശ്യകതയും പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കാനായി ഒരു സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച ശുപാർശ പരാമർശം 2-ലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിക്കുകയും മേൽ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപികരിക്കാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ച് ഉത്തരവാകുന്നു.

1. 2021 ലെ സെൻസസിന്റെ ആവശ്യത്തിലേക്ക് 31.12.2019 -ാം തീയതി ഭരണപ്രദേശങ്ങളുടെ അതിരുകൾ ഫ്രീസ് ചെയ്യുമെന്ന് സെൻസസ് വിഭാഗം അറിയിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന സമയത്തിനുള്ളിൽ പഞ്ചായത്ത് വിഭജനം പ്രായോഗികമല്ല.

2. 2020 ഒക്ടോബർ മാസത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ് . തെരഞ്ഞെടുപ്പിന് ഒരു വർഷം പോലും അവശേഷിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വോട്ടർ പട്ടിക തയ്യാറാക്കലും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നത് പ്രായോഗികമായി പ്രയാസമുള്ളതാണ്.

3. കൂടുതൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതുകൊണ്ട് സർക്കാരിനുണ്ടാകുന്ന വലിയ സാമ്പത്തിക ബാധ്യത നീതീകരിക്കത്തക്കതല്ല എന്നതിനാൽ ഇപ്പോൾ ഏറ്റെടുക്കാൻ കഴിയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.
കമ്മീഷണർ, ഗ്രാമ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സെക്ഷൻ ഓഫീസർ